ഉത്തരം

(എ) 1996-2001 കാലഘട്ടത്തിൽ ടെക്നോപാർക്കിൽ 8 ഉം, കെ.എസ്. ഐ.ഡി.സി. യുടെ ധനസഹായത്തോടെ 21 ഉം വിദേശ മലയാളികൾ വ്യവസായ സ്ഥാപനങ്ങൾ (ആകെ 29) ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. യുടെ സഹായത്തോടെ നിർമ്മാണഘട്ടത്തിൽ ഇരിക്കുന്ന 20 വിദേശമലയാളി വ്യവസായ സംരംഭങ്ങൾകൂടി ഉണ്ട്. കിൻഫ്രായുടെ തിരുവനന്തപുരത്ത് തുമ്പയിലുള്ള ചെറുകിട വ്യവസായ പാർക്കിൽ ഒരു വിദേശമലയാളിക്ക് വ്യവസായം തുടങ്ങാൻ ഭൂമി അലോട്ടുചെയ്തിട്ടുണ്ട്.

(ബി) ഇതിന് 128.45 കോടി രൂപ മുതൽ മുടക്കിയിട്ടുണ്ട്.

(സി) അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു. †

(ഡി) അനുബന്ധം 2 ശ്രദ്ധിച്ചാലും. കൂടാതെ വിദേശ സഹായത്തോടെ കിൻഫ്രായുടെ പാർക്കുകളിലെ വ്യവസായങ്ങളെ സംബന്ധിച്ചവിവരം ചുവടെ ചേർക്കുന്നു.

1. കിൻഫ്രായുടെ എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ (കാക്കനാട് -എറണാകുളം) കേരളാ കെമിക്കൽസ് ആൻഡ് പ്രോട്ടീൻസ് ലി., ജപ്പാൻ സഹായം. മുതൽമുടക്ക്-7500 ലക്ഷം രൂപ.

2. കിൻഫ്രായുടെ എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ (കാക്കനാട്) കേര ഫൈബർടെക്സ് ഇന്റർനാഷണൽ പ്രൈ ലി., ഇറ്റലിയുടെ സഹായം. മുതൽമുടക്ക് 190 ലക്ഷം രൂപ.

3. കിൻഫ്രായുടെ തലശ്ശേരിയിലെ ചെറുകിട വ്യവസായ പാർക്കിൽ റബ്കോ-മലേഷ്യൻഗ്രൂപ്പ്-റബ്കോ ഹൂവാട്ട് പ്രൈ.,ലി., മുതൽമുടക്ക്-2500 ലക്ഷം രൂപ.

പുതിയ വ്യവസായങ്ങൾ

171 (1438) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ വ്യവസായം ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പുമന്ത്രിയും വകുപ്പ് ഉദ്യോഗസ്ഥൻമാരും ഏതെല്ലാം രാജ്യങ്ങളിൽ വിദേശപര്യടനം നടത്തിയിട്ടുണ്ട് ;

(ബി) ആകെ എത്ര തവണ വിദേശ പര്യടനം നടത്തിയിട്ടുണ്ട് ;

(സി) ഇതിന്റെ ഫലമായി സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ സംസ്ഥാനത്തെ വ്യവസായ വളർച്ചാനിരക്ക് എത്രയാണെന്നു വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രതിവർഷ വളർച്ചാ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) സംസ്ഥാന വ്യവസായ വളർച്ചാ നിരക്ക് ദേശീയ വളർച്ചാ നിരക്കുമായി താരതമ്യം ചെയ്ത് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കെ.എസ്.ഐ.ഡി.സി. ഉദ്യോഗസ്ഥർ മലേഷ്യ, ബ്രിട്ടൻ, ശ്രീലങ്ക, ഡൻമാർക്ക്, നെതർലാന്റ്സ്, ജർമ്മനി, സൗദിഅറേബ്യ, റോം, ഇറ്റലി, യു.എ.ഇ., ഒമാൻ എന്നീ സ്ഥലങ്ങളും കിൻഫ്രാ മാനേജിംഗ് ഡയറക്ടർ ന്യൂയോർക്ക്, ചിക്കാഗോ, ഡല്ലാസ്, ജർമ്മനി, സ്വിറ്റ്സർലണ്ട്, യു.എ.ഇ., കാനഡാ, പാരീസ്, റോം, ലണ്ടൻ, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്. ടെക്നോപാർക്കിലെ ഉദ്യോഗസ്ഥർ, സിംഗപൂർ, ബാൻഗോക്ക്, ചൈന, ബോർഡ്ക്സ്, യു.എസ്.എ., ഫ്രാൻസ്, ബ്രിട്ടൻ, ജപ്പാൻ, സ്വീഡൻ എന്നീ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി കെയ്റോ, അബുദാബി, മസ്കറ്റ്, വിയറ്റ്നാം, ദുബായ്, യു.എസ്.എ. എന്നീ രാജ്യങ്ങളിൽ വ്യവസായ വികസനത്തിനായി ചർച്ചകൾ നടത്തുന്നതിനുവേണ്ടി പര്യടനം നടത്തിയിട്ടുണ്ട്.

(ബി) കെ.എസ്.ഐ.ഡി.സി. ഉദ്യോഗസ്ഥർ നടത്തിയ വിദേശയാത്രയുടെ വിശദവിവരം അനുബന്ധം 1-ലും ടെക്നോപാർക്ക് ഉദ്യോഗസ്ഥർ നടത്തിയ വിദേശയാത്രയുടെ വിവരങ്ങൾ അനുബന്ധം 2-ലും ചേർത്തിരിക്കുന്നു.* കിൻഫ്രാ മാനേജിംഗ് ഡയറക്ടർ യു.എസ്.എ., ഇറ്റലി, ജർമ്മനി, യു.എ.ഇ. എന്നിവിടങ്ങളിൽ രണ്ടുപ്രാവശ്യവും സ്വിറ്റ്സർലണ്ട്, ലണ്ടൻ, ഇസ്രായേൽ, മസ്ക്കറ്റ് എന്നിവിടങ്ങളിൽ ഓരോപ്രാവശ്യവും യാത്ര നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്. ടെക്നോപാർക്കിൽ 8 പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ താഴെപറയുന്ന പദ്ധതികൾക്ക് ധാരണാപത്രങ്ങൾ ഒപ്പിടുകയും ചെയ്തിട്ടുണ്ട്.

1. സിറാമിക് സാനിട്ടറി വെയർ (കാസർഗോഡ്)
2. നോൺഫെറസ്മെറ്റൽ കാസ്റ്റിംഗ്സ് (കോഴിക്കോട്)
3. മണൽ സംസ്ക്കരണ പദ്ധതി (ആലപ്പുഴ)
4. പാൽ ഉല്പന്നങ്ങൾ (തിരുവനന്തപുരം)
5. റഫ്രിജറേഷൻ ഉപകരണങ്ങൾ (എറണാകുളം)
6. മെ. അസ്മിമകസ് (മസ്കറ്റ്)
7. മെ. ഗാസ്ലി മാക് അസ്സോസിയേറ്റഡ്, (ഒമാൻ)
8. മെ. അൻവറുദ് അൻഫമാരാസ് ട്രേഡിംഗ് കമ്പനി, (ഒമാൻ)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1996-97 മുതൽ 1999-2000 വരെയുള്ള നാലു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ വ്യവസായ വളർച്ചാ നിരക്ക് നടപ്പുവില നിലവാരത്തിൽ ശരാശരി 14.44% ആയിരുന്നു.

(ഇ)

വർഷം	വളർച്ചാ നിരക്ക് %
1996 - 97	7. 01
1997 - 98	18. 92
1998 - 99	16. 28
1999 - 2000	16. 36
2000 - 2001	കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

(എഫ്)

വർഷം	കേരളം (ശതമാനം)	ഇന്ത്യ (ശതമാനം)
1998 - 99	16. 23	8. 5
1999 - 2000	16. 38	9. 1

സാമൂഹ്യക്ഷേമ വകുപ്പിലെ സ്പെഷ്യൽ റൂൾസ്

172 (1439) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിലെ സ്പെഷ്യൽ റൂൾസ് അപാകതകൾ പരിഷ്ക്കരിച്ച് നടപ്പിലാക്കിയോ ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ;

(സി) സ്പെഷ്യൽ റൂൾസ് പരിഷ്ക്കരണത്തിലൂടെ ടെക്നിക്കൽ സ്റ്റാഫിന്റെ പ്രൊമോഷൻ ചാനൽ മിനിസ്റ്റീരിയൽ വിഭാഗം തട്ടിയെടുക്കുന്നത് തടയാൻ സാമൂഹ്യക്ഷേമ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയത് വിശദീകരിക്കാമോ ;

(ഇ) സാമൂഹ്യക്ഷേമ വകുപ്പിലെ ഐ.സി.ഡി.എസ്. പ്രോജക്ടിലെ സ്ത്രീകൾക്കായി സംവരണം ചെയ്ത പ്രൊമോഷൻ പോസ്റ്റുകളിൽ സൂപ്പർവൈസർ മാരേയും മറ്റ് ട്രെയിനിംഗ് ലഭിച്ച സ്ത്രീകളെയും ഒഴിവാക്കി മിനിസ്റ്റീരിയൽ വിഭാഗത്തിന് പ്രാധാന്യം നൽകിയാണോ സ്പെഷ്യൽ റൂൾസ് പരിഷ്ക്കരിച്ചത് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly